# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ബുള്ളറ്റിൻ - ഭാഗം 2

2017 മേയ് 2

**നമ്പർ : 213**

2017 മെയ് 5-ാം തീയതി വെള്ളിയാഴ്ച താഴെ കൊടുത്തിരിക്കുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ചർച്ചയ്ക്ക് വരുന്നതാണ്.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| (1) | ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ (28-10-2016 ന് ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർക്കു വേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | "മുൻവർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുത്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവ് മൂലം കാർഷികോത്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു". |
| (2.) | ശ്രീ. കെ.വി. അബ്ദുൽ ഖാദർ | "ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന |

| | | |
|---|---|---|
| | | കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാട്ടുകളിലെ സ്വദേശിവൽക്കരണനയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു". |
| (3) | ശ്രീ. സി. മമ്മൂട്ടി | "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ |

| | | |
|---|---|---|
| | | അമിതഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണ മുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു". |
| (4) | ശ്രീ. മുഹമ്മദ് മുഹസിൻ പി. | "മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, മാതാപിതാക്കൾക്കു മാത്രമല്ല സമൂഹത്തിന്റെ തന്നെ വേദനയായി മാറുകയാണ്. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾ സ്വന്തം തൊഴിൽ ഉപേക്ഷിച്ച് ഇവരോടൊപ്പം സദാസമയവും ചെലവഴിക്കാൻ നിർബന്ധിതരാകുന്നത് അവരുടെ കുടുംബങ്ങളെ സാമ്പത്തികമായി തളർത്തുന്നു. ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്ന രീതിയിൽ പരിശീലനം നൽകുന്നതിനും ഉതകുന്ന വിധത്തിൽ, ശാസ്ത്രീയമായി പരിശീലനം ലഭിച്ചവരുടെ മേൽനോട്ടത്തിൽ അവരെ പരിപാലിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. ഇത്തരത്തിലുള്ള 30 ൽ കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ ഒരു ഡേ-കെയർ സെന്റർ എന്ന രീതിയിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു". |

**വി.കെ. ബാബുപ്രകാശ്,**
**സെക്രട്ടറി.**